ക്ലാസ്സ് **8**

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
### Second Semester Examination 2025-26

| | |
|---|---|
| **ആകെ മാർക്ക് : 80** | |
| പാർട്ട് 1 : 60 | |
| പാർട്ട് 2 : 20 | |
| **സമയം : 2 മണിക്കൂർ** | |

## പാർട്ട് 1

**ശരിയുത്തരം ബ്രായ്ക്കറ്റിൽനിന്ന് തെരഞ്ഞെടുത്തെഴുതുക.** **6×1=6**

1. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്." ഇതു പറഞ്ഞ ശിഷ്യൻ?
(വി. പൗലോസ്, വി. പത്രോസ്, വി. തോമസ്)
2. "ആചാരങ്ങളിലെ വൈവിധ്യം വിശ്വാസത്തിലെ യോജിപ്പ് ഉറപ്പാക്കുന്നു." ഇത് പറഞ്ഞ വിശുദ്ധൻ?
(വി. അംബ്രോസ്, വി. ജോൺപോൾ പാപ്പ, വി. ഇരണേവൂസ്)
3. ദൈവത്താൽ അയയ്ക്കപ്പെട്ട ആദ്യപ്രേഷിതൻ
(ഈശോ, മോശ, തോമാശ്ലീഹാ)
4. മാതാവിന്റെ ജനനതിരുനാൾ
(മാർച്ച് 25, സെപ്റ്റംബർ 8, ഡിസംബർ 8)
5. അടിസ്ഥാനപരമായി സഭയെ ഒരു കൂദാശയാക്കുന്നതെന്ത്?
(വിശ്വാസം, കൂദാശകൾ, വി. കുർബാന)
6. സീറോ മലബാർ സഭ ഏത് പൗരസ്ത്യ സഭകളുടെ ഗണത്തിൽപ്പെടുന്നു.
(അന്ത്യോക്യൻ, അർമേനിയൻ, കാൽഡിയൻ)

**പൂരിപ്പിക്കുക.** **6×1=6**

7. ബേസ്പുർക്കാന എന്ന വാക്കിന്റെ അർത്ഥം ......................
8. പാശ്ചാത്യ സഭയിൽ നിന്നെത്തിയ മിഷനറിമാരിൽ പ്രേഷിത തീക്ഷ്ണത നിറഞ്ഞ ഈശോസഭാ വൈദികൻ ..................................
9. സുവിശേഷ ദീപവുമായി തോമാശ്ലീഹാ ഇന്ത്യയിൽ വന്ന വർഷം ...........................
10. മാർപാപ്പ .......................................ന്റെ പിൻഗാമിയാണ്.
11. "അവൻ പറയുന്നത് നിങ്ങൾ ചെയ്യുവിൻ." പരി. അമ്മ ഈ വാക്കുകൾ പറഞ്ഞ സ്ഥലം ............................
12. മനുഷ്യൻ ഒരിക്കൽ മരിക്കണമെന്നതും മരണശേഷം വിധിക്ക് വിധേയനാകണമെന്നതും .................... ആണ്.

**ഉചിതമായവ ചേർത്തെഴുതുക.** **6×1=6**

| | | | |
|---|---|---|---|
| 13. | കാതോലികം | – | ശ്ലീഹന്മാരുടെ പിൻഗാമികൾ |
| 14. | മെത്രാന്മാർ | – | സീറോ മലബാർ സഭ |
| 15. | മേജർ ആർക്കി എപ്പിസ്കോപ്പൽ | – | കാനാൻദേശം |
| 16. | ദൈവരാജ്യത്തിന്റെ പ്രതിരൂപം | – | കൂട്ടായ്മ |
| 17. | കൊയ്നോനിയ | – | 1787 ഫെബ്രുവരി 1 |
| 18. | അങ്കമാലി പടിയോല | – | സാർവ്വത്രികം |

**ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **7×2=14**

19. മാതാവിന്റെ തിരുനാളിനോടനുബന്ധിച്ചുള്ള രണ്ടു നോമ്പാചരണങ്ങൾ ഏവ?
20. ഓരോ ക്രൈസ്തവനും സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുകാരനാകുന്നത് എങ്ങനെ?
21. വിശ്വാസിയായ എല്ലാ മനുഷ്യരുടെയും ജീവിത ലക്ഷ്യമെന്ത്?

22. വ്യക്തിസഭകൾ കത്തോലിക്കാ സഭയിൽ എന്തിന്റെയൊക്കെ അടിസ്ഥാനത്തിലാണ് രൂപീകൃത മായിരിക്കുന്നത്?

23. കൂദാശാനുകരണങ്ങളിലൂടെ എങ്ങനെ വിശുദ്ധീകരണം സാധ്യമാകുന്നു?

24. സീറോ മലബാർ സഭയുടെ ശ്ലൈഹികാടിസ്ഥാനത്തെ ചൂണ്ടികാണിക്കുന്ന മറ്റു പേരുകൾ ഏവ?

25. സഭയുടെ സാർവ്വത്രികതയുടെ അടിസ്ഥാനം എന്ത്?

**മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **4×4=16**

26. സഭയിൽ എത്ര സാർവ്വത്രിക സൂനഹദോസുകളാണ് നടത്തിയിട്ടുള്ളത്? എന്തിനാണ് സാർവ്വത്രിക സൂനഹദോസുകൾ കൂടുന്നത്?

27. അന്ത്യവിധിയും തനതുവിധിയും വിശദമാക്കുക.

28. സഭ തന്റെ പ്രേഷിതദൗത്യം ഏതൊക്കെ വിധങ്ങളിലാണ് നിർവ്വഹിക്കുന്നത്?

29. കൂദാശകളിലൂടെ വിശുദ്ധീകരണം സാധ്യമാകുന്നതെങ്ങനെ?

**ഒരു ഖണ്ഡികയിൽ (Paragraph) ഉത്തരമെഴുതുക.** **1×5=5**

30. മെത്രാന്മാരുടെ സംഘാതാത്മകത

**വിശദമായി ഉത്തരമെഴുതുക.** **1×7=7**

31. മറിയം സഭയുടെ മാതാവ്
(*വചനം സ്വീകരിച്ച അമ്മ – സഭയുടെ അമ്മ – സഭയുടെ പ്രതിരൂപവും മാതൃകയും – മറിയത്തിന്റെ മദ്ധ്യസ്ഥവും സംരക്ഷണവും – മരിയഭക്തി*)

---

## പാർട്ട് 2

---

**ഒറ്റ വാക്കിൽ ഉത്തരമെഴുതുക.** **5×1=5**

32. സഭ ലോകത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ദിനം.

33. സഭയെ കത്തോലിക്ക സഭ എന്ന് ആദ്യമായി വിളിച്ചതാര്?

34. സഭ എന്ന് അർത്ഥം വരുന്ന ലാറ്റിൻ പദം.

35. മാർപാപ്പമാരുടെ ബാബിലോൺ അടിമത്തം എന്ന് ചരിത്രത്തിൽ അറിയപ്പെടുന്നത്?

36. ലൂദറൻ നവീകരണത്തിന്റെ ആസന്ന കാരണം എന്തായിരുന്നു?

**ഉത്തരമെഴുതുക.**

37. വി. ജാന്ന ബെറേത്തയെക്കുറിച്ച് മൂന്ന് കാര്യങ്ങൾ എഴുതുക. **3**

38. വി. ഫ്രാൻസിസ് അസ്സീസി രണ്ടാം ക്രിസ്തു എന്നറിയപ്പെടാൻ കാരണം? **3**

39. പ്രകാശത്തിന്റെ അഞ്ചാം ദൈവരഹസ്യം എഴുതുക. **4**

40. റോമാ ലേഖനത്തിൽനിന്നും നിങ്ങൾ സ്വന്തമാക്കിയ രണ്ടു വചനങ്ങൾ എഴുതുക. (അധ്യായവും വാക്യവും ഉൾപ്പെടെ) **2½×2=5**